**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **30-09-2025 - ൽ മറുപടിയ്ക്ക്**

**മണന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിര നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി നാലു കോടി രൂപ അനുവദിച്ചതും ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ മണന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് പുതിയ മന്ദിരം നിർമ്മിക്കുന്നതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ? | (എ) | മണന്നൂർ സി.എച്ച്.സി.-യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവർത്തിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>നിർദ്ദിഷ്ട കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്ത് ഉപയോഗശൂന്യമായ രണ്ട് ക്വാർട്ടേഴ്സുകൾ നിലവിലുള്ളത് പൊളിച്ചുമാറ്റാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ 29.05.2025 ൽ നടപടിക്രമം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ലേലവും പുനർലേലവും നടത്തിയെങ്കിലും അതിൽ പരാമർശിക്കപ്പെട്ട തുകയ്ക്ക് ഏറ്റെടുക്കാൻ ആരും തയ്യാറായില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ